# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2636 12.03.2018- ൽ മറുപടിക്ക്

## ഹയർ സെക്കന്ററി സ്കൂളുകളിൽ അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്

**ചോദ്യം**

ശ്രീ. ഐ.സി.ബാലകൃഷ്ണൻ

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലർക്ക്, പ്യൂൺ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എത്ര സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലാണ് പ്രസ്തുത തസ്തിക അനുവദിക്കുകയെന്നും എത്രയെണ്ണം കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിലാണ് ഇത് അനുവദിക്കുകയെന്നും വ്യക്തമാക്കുമോ ?

**മറുപടി**

പ്രൊഫ. സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) & (ബി) **ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ.ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013,7881/2013 നമ്പർ കേസുകളിലെ 5.9.2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ളാർക്ക്, പാർട്ട് /ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ(എം.എസ്)നം. 220/2015 /പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.**

സെക്ഷൻ ഓഫീസർ